**15 -ാം കേരള നിയമസഭ**

**10 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 3017** **14-02-2024 - ൽ മറുപടിയ്ക്ക്**

**അരുവിക്കര മണ്ഡലത്തിലെ വന്യമൃഗാക്രമണങ്ങൾ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ ജി സ്റ്റീഫൻ | | ശ്രീ. എ. കെ. ശശീന്ദ്രൻ<br>(വനം-വന്യജീവി വകുപ്പ് മന്ത്രി) | |
| (എ) | അരുവിക്കര നിയോജക മണ്ഡലത്തിലെ വിവിധ പ്രദേശങ്ങളിൽ വർദ്ധിച്ചു വരുന്ന വന്യമൃഗാക്രമണത്തിന് പരിഹാരം കണ്ടെത്തുന്നതിനായി എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളതെന്ന് അറിയിക്കാമോ; | (എ) | അരുവിക്കര നിയോജകമണ്ഡലത്തിലെ പേപ്പാറ, എ.ബി. പി. കോട്ടൂർ എന്നീ റെയിഞ്ചുകളിലെ വനാതിർത്തി പങ്കിടുന്ന ജനവാസമേഖലകളിൽ വന്യമൃഗാക്രമണം തടയുന്നതിനായി ആനകിടങ്ങ് നിർമ്മാണം, വിസ്റ്റാ ക്ലിയറൻസ് എന്നീ പ്രവർത്തികൾ ചെയ്തിട്ടുള്ളതാണ്. അരുവിക്കര നിയോജകമണ്ഡലത്തിലെ പരുത്തിപ്പള്ളി റെയിഞ്ചിന്റെ പരിധിയിൽ വരുന്ന വനവുമായി അതിർത്തി പങ്കിടുന്ന സ്ഥലങ്ങളിൽ സോളാർ ഫെൻസിംഗ്, ആനക്കിടങ്ങ് എന്നിവ നിർമ്മിച്ചിട്ടുണ്ട്. 2022-23 സാമ്പത്തികവർഷത്തിൽ ആറാനക്കുഴി ഭാഗത്ത് 1 കിലോമീറ്റർ ഹാംഗിംഗ് സോളാർ ഫെൻസിംഗും, ഒറ്റക്കുഴി ഭാഗത്ത് 500 മീറ്റർ ആനക്കിടങ്ങും നിർമ്മിച്ചിട്ടുണ്ട്. പരുത്തിപ്പള്ളി റെയിഞ്ചിന്റെ കീഴിൽ പ്രവർത്തിക്കുന്ന ആർ.ആർ.ടി യുടെ സേവനം ടി പ്രദേശങ്ങളിൽ ലഭ്യമാക്കാറുണ്ട്. |
| (ബി) | ഇതിലേക്കായി നടപ്പുവർഷം നടത്തുന്ന പദ്ധതികൾ ഏതെല്ലാമെന്നും ഫണ്ട് വിവരങ്ങളും വ്യക്തമാക്കാമോ? | (ബി) | നെയ്യാർ വന്യജീവി ഡിവിഷനിലെ വനപ്രദേശങ്ങളിൽ GIM പദ്ധതി പ്രകാരം 2023-24 വർഷത്തിൽ സ്വാഭാവിക ആവാസവ്യവസ്ഥ പുനഃസ്ഥാപിക്കുന്നതിനായി 5.63 ലക്ഷം രൂപ ചെലവഴിച്ച് വന്യമൃഗങ്ങൾക്ക് ഭക്ഷ്യയോഗ്യമായ ഫലവൃക്ഷതൈകളും സ്വാഭാവിക വൃക്ഷതൈകളും നട്ടുപിടിപ്പിച്ചിട്ടുള്ളതാണ്. കോട്ടൂർ എ.ബി.പി. റെയിഞ്ചിൽ 27.9 ഹെക്ടർ അക്കേഷ്യ തോട്ടം മുറിച്ചുമാറ്റി സ്വാഭാവിക വനമായി മാറ്റുന്നതിന് പദ്ധതി ആസൂത്രണം ചെയ്തിട്ടുള്ളതും ആയതിനുള്ള 114.475 ലക്ഷം രൂപയുടെ പ്രൊപ്പോസൽ തയ്യാറാക്കിയിട്ടുള്ളതുമാണ്. പേപ്പാറ വന്യജീവി സങ്കേതത്തിൽ സ്വാഭാവികമായി വളർന്നുവന്ന 3 ഹെക്ടർ അക്കേഷ്യ തോട്ടം മുറിച്ച് മാറ്റി സ്വാഭാവികവനമായി മാറ്റുന്നതിന് 7.5 ലക്ഷം രൂപയുടെ പ്രൊപ്പോസൽ തയ്യാറാക്കിയിട്ടുള്ളതാണ്. പേപ്പാറ വന്യജീവി സങ്കേതത്തിൽ വന്യജീവി |

| | | | |
|---|---|---|---|
| | | | ആക്രമണം തടയുന്നതിന്റെ ഭാഗമായി വിസ്റ്റാ ക്ലിയറൻസ് 65 ഹെക്ടർ പ്രദേശത്ത് നടത്തിയിട്ടുള്ളതാണ്. ആയതിന് 6.00 ലക്ഷം രൂപ അനുവദിച്ചിതിൽ 5.40 ലക്ഷം രൂപ ചെലവഴിച്ചിട്ടുള്ളതാണ്. കോട്ടൂർ എ.ബി.പി. റെയിഞ്ചിൽ മാങ്കോട് മുതൽ വാലിപ്പാറ വരെ എലിഫന്റ് പ്രൂഫ് ട്രഞ്ചിന്റെ അറ്റകുറ്റപ്പണികൾക്കുള്ള ടെണ്ടർ നടപടി പൂർത്തിയാക്കി കരാർ വച്ചിട്ടുള്ളതാണ്. ആയതിന് 3.00 ലക്ഷം രൂപ നീക്കി വച്ചിട്ടുണ്ട്. പരുത്തിപ്പള്ളി റെയിഞ്ചിൽ ജനവാസ മേഖലയിലെ കാട്ടാന സാന്നിധ്യം ഒഴിവാക്കുന്നതിനായി NABARD RIDF സ്കീമിൽ അരുവിക്കര നിയോജകമണ്ഡലത്തിൽ 1 കിലോമീറ്റർ ആനക്കിടങ്ങ് നിർമ്മാണത്തിലേയ്ക്ക്<br><br>17,96,000 രൂപയുടെ അടങ്കൽ തയ്യാറാക്കി പ്രവൃത്തി പൂർത്തീകരിക്കുന്നതിനായി ഗവൺമെന്റ് ഏജൻസിയെ ഏൽപിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു. കൂടാതെ ചാമക്കര, ചണ്ണവിളപ്രദേശങ്ങളിൽ 2.5 കിലോമീറ്റർ വീതം 5 കിലോമീറ്റർ ദൂരത്തിൽ 8.354 ലക്ഷം രൂപ ചിലവഴിച്ച് സോളാർ ഫെൻസിംഗ് നടത്തുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു. |

സെക്ഷൻ ഓഫീസർ